
ഏപ്രിൽ 2022

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ



മുഖമൊഴി



# മരണത്തിനപ്പുറത്തേക്ക്

**ഹോ**സാന വിളികളുടെ ആരവങ്ങളിൽ നിന്നും ദുഃഖവെള്ളിയുടെ ആക്രോശത്തിലേക്ക് അധികം ദൂരമില്ലെന്നറിയുന്ന ക്രിസ്തു ഉത്ഥാന മഹത്വത്തിലേക്ക് കടന്നുവരുന്ന കൃപാപൂർണ്ണമായ കാലമിത്. ഓശാന പാടി എതിരേറ്റ അതേ ജനം അവനെ ക്രൂശിക്കുക എന്ന പരിണാമത്തിലേക്കുള്ള യാത്ര. പെസഹായുടെ മാളികമുറിയിൽ അപ്പമെടുത്ത് ശരീരമെന്നു പറഞ്ഞവൻ ദുഃഖവെള്ളിയുടെ കുരിശിൽ അവസാന തുള്ളിവരെ ചിന്തുന്ന രക്ഷാകരമായ കാലം. അടച്ചിട്ട കല്ലറയിൽ ഒടുങ്ങാതെ ഉത്ഥാന മഹത്വത്തിലേക്ക് മാനവകുലത്തെ കൈപിടിച്ചുയർത്തുന്ന കാലം. മരണം അവസാനമല്ലെന്ന് ക്രിസ്തു നമ്മെ പഠിപ്പിക്കുന്നു. ഈലോക ജീവിതം സുരക്ഷിതമാക്കാൻ നെട്ടോട്ടമോടുന്ന മനുഷ്യന്റെ മുൻപിൽ ഉത്ഥാനം ഒരു ചോദ്യചിഹ്നമാണ്. സഹനങ്ങളിൽ അർത്ഥം കണ്ടെത്താൻ കഴിയാതെ സഹനങ്ങളെ ഇല്ലായ്മ ചെയ്യാൻ ആഗ്രഹിക്കുന്നവരുടെ ലോകം. കുരിശ് പരാജയമല്ലെന്ന് - മരണം അവസാന വാക്കല്ലെന്ന് ഉത്ഥിതൻ നമ്മെ പഠിപ്പിക്കുന്നു. മുറിക്കപ്പെടുന്ന അപ്പം വാഴ്ത്തി നൽകി ശരീരമെന്നു പറഞ്ഞവൻ...കുരിശിൽ കീറിമുറിക്കപ്പെട്ട ശരീരമെടുത്ത്, അവസാനതുള്ളി ചോരവരെ ചിന്തി തന്റെ ജീവിതം മനുഷ്യകുലത്തിന് തിരുപ്പാഥേയമായി നൽകി. അതുകൊണ്ടുതന്നെ ഉരുട്ടിവച്ച വലിയ കല്ലുകൾ കാവൽ നിന്ന ഭടന്മാരും നിഷ്പ്രഭമെന്നറിയിച്ച് അവൻ ഉത്ഥാനം ചെയ്തു. അതുകൊണ്ടുതന്നെ പൗലോസ് അപ്പസ്തോലൻ പറയും "ക്രിസ്തു മരിച്ചവരിൽ നിന്നും ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമാണ്. ഞങ്ങളുടെ പ്രസംഗവും." ക്രൈസ്തവ വിശ്വാസത്തിന്റെ മൂലക്കല്ലായ ഉത്ഥാനത്തിൽ അടിയുറച്ചുകൊണ്ട് കാൽവരി കുരിശുകളെ രക്ഷാകരമാക്കി മാറ്റാൻ ജീവിതം കൊണ്ട് സാധിക്കട്ടെ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് മാളിയേക്കൽ**
ചീഫ് എഡിറ്റർ

ഏപ്രിൽ 2022

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ


രക്ഷാധികാരി
റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി

ചീഫ് എഡിറ്റർ
ഫാ. ജോസഫ് മാളിയേക്കൽ

മാനേജിംഗ് എഡിറ്റർ
ഫാ. ജോയ് സ്രാമ്പിക്കൽ

എഡിറ്റർ ഇൻ ചാർജ്ജ്
**ഫാ. ആന്റൺ ജോസഫ് ഇലഞ്ഞിക്കൽ**

അസോസ്സിയേറ്റ് എഡിറ്റേഴ്സ്
ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ
ഫാ. ലിജോ മാത്യുസ് താണിപ്പിള്ളി

എക്സിക്യൂട്ടീവ് എഡിറ്റർ
ടൈറ്റസ് ഗോതുരുത്ത്

സർക്കുലേഷൻ മാനേജർ
ഫാ. അഗസ്റ്റിൻ നിമേഷ് കാട്ടാശ്ശേരി

പത്രാധിപസമിതി
സിപ്പി പള്ളിപ്പുറം
ജോസഫ് പനക്കൽ
ജോയ് ഗോതുരുത്ത്

ഡി.ടി.പി.
നിഷ സോജൻ

രൂപകല്പന
**ഇമേജ് (കിഡ്സ്) കോട്ടപ്പുറം**



എഡിറ്റർ
ദിദിമോസ്, വികാസ്
കോട്ടപ്പുറം - 680 667
ഫോൺ : 0480 2807678
didimoskottapuram@gmail.com


## താളുകളിൽ


**പൈതൃകാമുഖം**........................................4

**സഹനം + സന്തോഷം = ജീവതം**..........................5
ഫാ. സിന്റോ കുരിയപറമ്പിൽ

**അയൽക്കൂട്ടം**..........................................7
ജെസ്സി ജെയിംസ്

**വാർത്താജാലകം**......................................9







റൈറ്റ് റവ.ഡോ.
ജോസഫ് കാരിക്കശ്ശേരി

# പൈതൃകാമുഖം

തപസ്സു കാല അനുഷ്ഠാനത്തിന്റെ പരിസമാപ്തിയിൽ നമ്മുടെ കർത്താവിന്റെ ഉത്ഥാന മഹോത്സവത്തിന് സന്തോഷത്തിലേക്ക് നാം പ്രവേശിക്കുകയാണ്. നമ്മുടെ കർത്താവ് പാപത്തിന്റെയും മരണത്തിന്റെ മീശയും വിജയം വരിച്ചുകൊണ്ട് നമ്മെ എല്ലാ അടിമത്തത്തിൽ നിന്നും വിമോചിപ്പിച്ചു. ഈ സന്തോഷത്തെ നമുക്ക് പരസ്പരം പങ്കു വയ്ക്കാം. നമ്മുടെ ജീവിതത്തിലെ സഹന അനുഭവങ്ങളെ ഈശോയോട് ചേർത്തു വയ്ക്കുമ്പോൾ സഹന അനുഭവങ്ങൾക്ക് അപ്പുറം ക്രിസ്തുവിൽ പ്രത്യാശ വയ്ക്കുന്ന വർക്കുള്ള മഹത്വീകരണത്തിന്റെ കൃപയിലേക്ക് നമുക്കും പ്രവേശിക്കാനാകും. ഉത്ഥാന ത്തിന്റെ സന്തോഷം പരസ്പരം പങ്കുവയ്ക്കുമ്പോൾ എല്ലാവരോടും കരുണ കാണിച്ച ഈശോയുടെ മാതൃകയെ നമുക്കും അനുകരിക്കാൻ ആവട്ടെ കരുണയുടെ നേർസാക്ഷ്യങ്ങളായി ഈശോയുടെ സുവിശേഷത്തിലെ സാക്ഷികളായി നമുക്ക് ഈ ലോകത്തിൽ ജീവിക്കാം.



ഫാ. സിന്റോ കുരിയപറമ്പിൽ

# സഹനം + സന്തോഷം = ജീവിതം

വൈറ്റമിൻ സി കൂടുതലായി ലഭിക്കുന്ന ഒരു ഫലമാണ് നെല്ലിക്ക. പച്ചനിറത്തോടുകൂടിയ കണ്ണുകളെ ആകർഷിക്കുന്ന രീതിയിലുള്ള നെല്ലിക്ക കാണുമ്പോൾ തന്നെ അത് ഒന്നു രുചിച്ചുനോക്കുവാൻ തോന്നാത്തവരായി ആരുംതന്നെ ഉണ്ടാകുവാൻ സാധ്യതയില്ല. അത് ഒന്നു കടിക്കുമ്പോൾ തന്നെ ആദ്യം ഒരു ചവർപ്പും അതുപോലെ ചെറിയൊരു പുളിയും നമുക്ക് അനുഭവിക്കുവാൻ സാധിക്കും. അതു കഴിഞ്ഞ് കുറച്ച് പച്ചവെള്ളം കൂടി കുടിച്ചാൽ അതിൽ നിന്നു കിട്ടുന്ന ആ മധുരം ഒന്നുവേറെ തന്നെ.

ഇതുപോലെ തന്നെയാണ് ഒരു പരിധിവരെ നമ്മുടെ ജീവിതവും. ഇത്തിരിയൊക്കെ ചവർപ്പും പുളിരസവും നിറഞ്ഞതാണ് ജീവിതം. ഇതു രണ്ടും ചേർന്നാൽ മാത്രമേ നമ്മുടെ ജീവിതത്തിലെ യഥാർത്ഥ മധുരം നമുക്ക് അനുഭവിച്ചറിയാൻ സാധിക്കൂ. 1 പത്രോസ് 5-ാം അദ്ധ്യായം 10-ാം വാക്യം ക്രിസ്തുനാഥൻ നമ്മുടെയൊക്കെ ജീവിത്തിൽ തരുന്ന ഒരു ഉറപ്പാണ്. “തന്റെ നിത്യപൗരോഹിത്യത്തിലേക്ക് ക്രിസ്തുവിൽ നിങ്ങളെ വിളിച്ചിരിക്കുന്ന അനുഗ്രഹദാതാവായ ദൈവം നിങ്ങളെ അൽപ്പകാലത്തെ സഹനത്തിനു ശേഷം പൂർണ്ണരാക്കുകയും സ്ഥിരീകരിക്കുകയും ശക്തരാക്കുകയും ചെയ്യും.” വലിയ ആഴ്ചകളിലെ പ്രസംഗങ്ങളിൽ ധ്യാനിക്കാറുള്ള ഒരു വാചകം ഇങ്ങനെയാണ്, “ഓരോ ഓശാന ഞായർ കഴിയുമ്പോഴും ഓർക്കുക ഒരു ദുഃഖവെള്ളി ഉണ്ടെന്ന്. എന്നാൽ ദുഃഖവെള്ളിയിലൂടെ എല്ലാം അവസാനിക്കുന്നില്ല. മറിച്ച് ഒരു ഉയിർപ്പു ഞായർ കൂടിയും ഉണ്ട്.” പലപ്പോഴും ജീവിതത്തിൽ സഹനങ്ങളും ദുഃഖങ്ങളും വരുമ്പോൾ, എനിക്ക് ആരുമില്ല എന്നു വിചാരിച്ച് നിരാശരായി ഒതുങ്ങി കഴിയേണ്ടവരല്ല നാം എന്നാണ് തിരുവചനം

സാക്ഷ്യപ്പെടുത്തുന്നത്. ജീവിതത്തിലെ സഹനങ്ങളെയെല്ലാം സന്തോഷത്തോടെ ഏറ്റെടുത്ത് അത് എന്റെ ജീവിതത്തിൽ ദൈവം ഒരുക്കിവച്ചിരിക്കുന്ന ഒരു പദ്ധതി യാണ് എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. എല്ലാ വിശുദ്ധരുടെയും ജീവിതത്തിൽ നമുക്ക് ഈ സഹനത്തിന്റെ വഴികൾ കാണു വാൻ സാധിക്കും.

ലോകത്തിന്റെ സുഖലോലുപതയിൽ നിന്ന് മാറിനിൽക്കുക എന്നതാണ് ഈ ലോകത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി. ഈ ലോകം അന്വേഷണങ്ങളുടെ യുഗമാണ്. ആരും ഒന്നിലും സംതൃപ്തരല്ല. എല്ലാവരും സംതൃപ്തിക്കുവേണ്ടി പരക്കം പായുകയാണ്. അതിനുവേണ്ടി എന്തുംചെയ്യാൻ തയ്യാറാകുന്ന ഒരു സമൂഹം എല്ലാത്തിനെയും പഴയതായി കാണുന്ന ഒരു സമൂഹമായി പലപ്പോഴും മാറിപ്പോകുന്നു. പലപ്പോഴും നാമെല്ലാവരും കെട്ടിച്ചമയുകയാണ്. എന്തൊക്കെയോ തുന്നിച്ചേർത്തും കൂട്ടിച്ചേർത്തും എന്തൊക്കെയോ രൂപപ്പെടുത്തിയിരിക്കുന്ന ഒരു കാലഘട്ടമായി നമ്മുടേത് മാറുന്നുണ്ടോ? ഇന്ന് വിശപ്പും ദാഹവും എന്താണെന്ന് നാം ഷോർട്ട് ഫിലിം കണ്ട് മനസ്സിലാക്കണം. ഇനി വരുന്ന തലമുറയ്ക്കുവേണ്ടി ഇനിയും ഷോർട്ട് ഫിലിമുകൾ നാം നിർമ്മിക്കേണ്ടിയിരിക്കുന്നു. എന്താണ് നമുക്കു സംഭവിച്ചത്? എവിടെയൊക്കെയോ സഹനത്തിന്റെ നേരായ വഴികൾ നമുക്കു തെറ്റിപ്പോയിട്ടുണ്ടോ?

യഥാർത്ഥ സഹനം എന്താണെന്നുള്ളതിനും എങ്ങനെയാണ് സഹനവും സന്തോഷവും കൂട്ടിച്ചേർത്ത് നല്ലൊരു ജീവിതം ജീവിച്ചു തീർക്കാമെന്ന് ഗൂഗിൾ പേജുകളിലോ അല്ലെങ്കിൽ വലിയ ശാസ്ത്ര പരമായ അന്വേഷണങ്ങളിലേക്കോ പോകേണ്ട. മറിച്ച് എല്ലാത്തിന്റെയും ഉത്തരം കിട്ടുവാനായി രണ്ടായിരം വർഷങ്ങൾക്കു മുൻപ് നമുക്കുവേണ്ടി ശാപത്തിന്റെ ചിഹ്നമായ കുരിശിനെ രക്ഷയുടെ ചിഹ്നമാക്കി മാറ്റിയ ആ ക്രിസ്തുവിലേക്ക് നാം യാത്രചെയ്യണം. ഈ ലോകത്തിന്റെ ചവർപ്പും പുളിയും തരുന്ന എല്ലാ വെല്ലുവിളികളെയും നേരിട്ട് ക്രിസ്തുവാകുന്ന ആ വലിയ സന്തോഷം രുചിച്ചറിയുവാൻ നമുക്ക് തയ്യാറാകാം. ഓരോ ഉയിർപ്പു ഞായറും നമ്മളെ ക്ഷണിക്കുന്നത് ഈ വെല്ലുവിളിയിലേക്കാണ്. എല്ലാം സഹിച്ച് മരിച്ച് ഒടുവിൽ മൂന്നാം നാൾ ജയസന്തോഷങ്ങളോടെ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ അനുഗമിക്കുന്നവരാകാൻ.

Old generation എന്നു നാം പുച്ഛിച്ചു തള്ളുന്ന, വിശപ്പും ദാരിദ്ര്യവും എങ്ങും ഉണ്ടായിരുന്ന ഒരു പഴയ കാലഘട്ടം നമുക്കുണ്ടായിരുന്നു. അന്ന് എല്ലാവർക്കും അറിയാമായിരുന്നു സഹനം എന്താണെന്ന്. എന്നാൽ ആ സഹനത്തെ ഒരു സന്തോഷമായിട്ടാണ് അവർ ജീവിതത്തിൽ അനുഭവിച്ചറിഞ്ഞത്. ആ സന്തോഷത്തിന്റെ അടിസ്ഥാനത്തിൽ നല്ല കരുത്തുറ്റ ജീവിതങ്ങൾ ഉണ്ടായിരുന്നു. അന്ന് ഒരു യഥാർത്ഥ വിശ്വാസം നിലനിന്നിരുന്നു. എന്നാൽ ഇന്ന് നമ്മളെല്ലാവരും 'ന്യൂജെൻ' എന്ന് ഓമനപ്പേരു ചൊല്ലി വിളിക്കുന്ന കാലഘട്ടമാണ് ഇത്. ഇവിടെ എല്ലാം കൃത്രിമമായി രൂപപ്പെടുത്തുകയാണ്. അന്ന് അനുഭവിച്ച ആ വിശപ്പും ദാരിദ്ര്യവും ഇന്ന് ആരും അനുഭവിക്കുവാൻ തയ്യാറാകുന്നില്ല. ജീവിതത്തിലൂടെ കാണിച്ചുതന്ന ദാരിദ്ര്യവും വിശപ്പും നിറഞ്ഞുനിന്നിരുന്ന, ഷോർട്ട് ഫിലിമുകളിലൂടെ നാം കണ്ടറിഞ്ഞ ലോകത്തിലേക്ക് എന്തിനും ഏതിനും ദേവാലയ അങ്കണത്തിലെ മരകുരിശുകളിലേക്ക് ഓടിയെത്തിയിരുന്ന വിശ്വാസസമൂഹത്തിലേക്ക് നാം ഒരുപാട് യാത്ര ചെയ്യേണ്ടിയിരിക്കുന്നു.

ജെസ്സി ജെയിംസ്

# ഇടവക സിനഡ്

മത്താ 7 : 24 - 29

**ആമുഖം**

സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിന് കാതോർത്താണ് ആരംഭകാലം മുതൽ സഭ യാത്ര ചെയ്തിട്ടുള്ളത്. പരിശുദ്ധാത്മ പ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവിക പദ്ധതിയുടെ ശുശ്രൂഷകൾക്കായി പിഞ്ചെല്ലേണ്ട പാതകൾ നിർണ്ണയിക്കുകയും ചെയ്യുക എന്നത് സഭയുടെ എക്കാലത്തെയും വെല്ലുവിളിയും ദൗത്യവുമാണ്.

**സിനഡ്**

സഭയെ കൂട്ടുത്തരവാദിത്വത്തോടെ നയിക്കുവാനുള്ള ചിന്തകളും പദവികളും രൂപപ്പെടുത്തുവാൻ 1965 ൽ പോൾ ആറാമൻ പാപ്പ സ്ഥാപിച്ച പ്രസ്ഥാനമാണ് മെത്രാന്മാരുടെ സിനഡ്. ലോകമാസകലമുള്ള മെത്രാന്മാരുടെ പ്രതിനിധികൾ വന്നുചേരുന്ന പ്രസ്തുത സമ്മേളനങ്ങൾ മൂന്നു വർഷത്തിലൊരിക്കൽ നടക്കുന്നു. ഇതുവരെ അപ്രകാരമുള്ള 15 സിനഡു സമ്മേളനങ്ങളാണ് നടന്നിട്ടുള്ളത്. അടുത്ത സിനഡ് 2023 ഒക്ടോബറിൽ റോമിൽ വച്ചാണ് നടക്കുന്നത്. എന്നാൽ 16-ാമത്തെ സിനഡ് മെത്രാന്മാരുടെ കൂടിവരവിൽ നടക്കുന്ന ചർച്ച മാത്രമായിരിക്കാൻ ഫ്രാൻസിസ് പാപ്പ താല്പര്യപ്പെടുന്നില്ല. മറിച്ച്, ദൈവജനത്തിന്റെ വിശ്വാസബോധം പൂർണ്ണമായും കണക്കിലെടുത്ത് ഈ സിനഡിൽ സഭ മുഴുവനെയും ഒരുമിപ്പിച്ചു കൊണ്ടുവന്ന് ചിന്തിക്കുവാനും അങ്ങനെ അവസാനം ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുവാനുമാണ് പാപ്പ

ആഗ്രഹിക്കുന്നത്. അതിനാൽ 2021 ഒക്ടോബർ മുതൽ 2023 ഒക്ടോബർ വരെ ഒരു സിനഡാത്മക പാതയിൽ ആയിരിക്കുവാനാണ് തീരുമാനം. ഫ്രാൻസിസ് പാപ്പയുടെ ഈ ആഹ്വാനമനുസരിച്ച് റോമിൽ നടക്കുന്ന സാർവ്വത്രിക സഭയുടെ 16-ാമത്തെ സാധാരണ സിനഡിന്റെ ഭാഗമാകേണ്ടവരാണ് നാമോരോരുത്തരും. സിനഡിനെ പാപ്പ പല ഘട്ടങ്ങളിലൂടെയുള്ള ഒരു പ്രയാണമായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. സിനഡിന്റെ മുന്നൊരുക്കമായി കോട്ടപ്പുറം രൂപതയിലെ മുഴുവൻ കുടുംബങ്ങളിലും കുടുംബസിനഡ് ഇതിനകം നടന്നുകഴിഞ്ഞു. കുടുംബാംഗങ്ങൾ ഒരുമിച്ചു ചേർന്ന് പ്രാർത്ഥിച്ച് സിനഡൽ വിഷയങ്ങൾ ചർച്ച് ചെയ്തെടുത്ത തീരുമാനങ്ങൾ അടുത്ത ഘട്ടമായ ബി.ബി.സി സിനഡിൽ നാം അവതരിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. ഇനി അടുത്ത ഘട്ടം ഇടവക സിനഡിലേക്കാണ് നാം പ്രവേശിക്കുന്നത്.

**ഇടവക സിനഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ?**

ഫ്രാൻസിസ് പാപ്പ സിനഡിന്റെ ചർച്ചാ വിഷയമായി നമുക്കു നൽകിയിരിക്കുന്നു – 'കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം' എന്ന ആപ്തവാക്യത്തിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് കൂട്ടായ്മയുടെയും സമവായത്വത്തിന്റെയും പ്രേഷിത ആഭിമുഖ്യത്തിന്റെയും നവചൈതന്യമാണ് ഇവക സിനഡ് ലക്ഷ്യം വയ്ക്കുന്നത്. കോവിഡാനന്തര കാലഘട്ടത്തിൽ കത്തോലിക്കാസഭയുടെ ദൗത്യവും സാക്ഷ്യവും എന്തായിരിക്കണമെന്ന് തിരിച്ചറിഞ്ഞ് ഇടവകയിലെ അംഗങ്ങളുടെ പങ്കാളിത്തവും കൂട്ടായ്മയും സജീവമാക്കുവാനും ക്രമപ്പെടുത്തുവാനുമുള്ള വലിയ ദർശനം ഉൾക്കൊണ്ടുകൊണ്ട് ഇടവകാസിനഡ് സമ്മേളിക്കുന്നു.

**ഇടവക സിനഡിൽ പങ്കെടുക്കേണ്ടവർ**

1. വികാരി, സഹവികാരി
2. സന്യാസ, സന്യാസിനി പ്രതിനിധി
3. പാരിഷ് കൗൺസിൽ അംഗങ്ങൾ, കേന്ദ്ര സമിതി പ്രസിഡന്റ്, സെക്രട്ടറി, 6 ശുശ്രൂഷാസമിതി അംഗങ്ങൾ, കൈക്കാരന്മാർ, മതബോധന അദ്ധ്യാപകർ, ഇടവകയിലെ പ്രധാന സംഘടനാ പ്രതിനിധികൾ.

**ഉപസംഹാരം**

ഇന്ന് വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന വർഗ്ഗീയത, പരിസ്ഥിതിനാശം, മലിനീകരണം, negative gender imbalance, ഉയർന്ന വൃദ്ധജനസംഖ്യ, കുടുംബ ബന്ധങ്ങളുടെ തകർച്ച, ലൈംഗിക അരാജകത്വം, ദാരിദ്ര്യം, ആത്മീയതയ്ക്ക് സ്ഥാനമില്ലാത്ത റൗണ്ട് ദ് ക്ലോക്ക് തൊഴിൽ സംസ്ക്കാരം, തൊഴിൽ മേഖലയിലെ അസ്ഥിരത, അതുണ്ടാക്കുന്ന വിഹ്വലതകൾ തുടങ്ങി ഒട്ടനവധി വെല്ലുവിളികളുടെ നടുവിൽ നാം ജീവിക്കുമ്പോൾ സിനഡാത്മക പ്രക്രിയയിലൂടെ ഒരു ഗാർഹിക വിശ്വാസ പന്തക്കുസ്താ അനുഭവം നമ്മുടെ കുടുംബങ്ങളിലും ഇടവകയിലും സഫലമാകാൻ ഫ്രാൻസിസ് പാപ്പ ആഗ്രഹിക്കുന്നു. അതിനാൽ ഒറ്റയ്ക്കു സഞ്ചരിക്കാതെ സഹോദരീ സഹോദരനെന്ന നിലയിൽ പരസ്പരം ആശ്രയിക്കുകയും, പ്രത്യേകിച്ച് ഇടയന്മാരുടെ നേതൃത്വത്തിൽ വിവേകപൂർണ്ണവും യഥാർത്ഥവുമായ അജപാലന വിവേചനത്തിൽ സഞ്ചരിക്കുകയും ചെയ്യുക എന്നതാണ് സുപ്രധാനം. സുതാര്യതയുടെയും കൂട്ടുത്തരവാദിത്വത്തിന്റെയും പാതയിലൂടെ സഞ്ചരിക്കുവാനാണ് നമ്മുടെ ക്ഷണം. ഇത് മുറിവുണക്കലിന്റെ ഭാഗമായി ഗൗരവമേറിയ തെറ്റുകൾ അംഗീകരിക്കാനും അവയെ പശ്ചാത്താപത്തിന്റെ വഴികളിലൂടെ പരിഹരിക്കാനുമുള്ള ക്ഷണം ഈ സിനഡാത്മക പ്രക്രിയയിൽ അന്തർലീനമാണ്. ഈ പ്രക്രിയ ഇടവകയ്ക്ക് തീർച്ചയായും ദൈവാത്മാവിന്റെ പ്രചോദനത്താലും കൃപയാലും അനുഗ്രഹമായി തീരും.

# വാർത്താജാലകം



എറണാകുളം കുടുംബശ്രീ ജില്ല മിഷന്റെ കീഴിൽ എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്കിലെ കോട്ടുവള്ളി പഞ്ചായത്തിൽ ഹരിതകർമ്മ സേന അംഗങ്ങൾക്കു വേണ്ടി കുടുംബശ്രീയുടെ ട്രെയിനിങ്ങ് ഏജൻസിയായ കോട്ടപ്പുറം കിഡ്സ് നടത്തുന്ന കുളവാഴ കരകൗശല പരിശീലനത്തിന്റെ ഉദ്ഘാടനം കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ.എസ് ഷാജി ഉദ്ഘാടനം ചെയ്തു. കിഡ്സ് ഡയറക്ടർ ഫാ. പോൾ തോമസ് കളത്തിൽ ആശംസകൾ നേർന്നു ടൂൾകിറ്റ് വിതരണം നടത്തി. സി.ഡി.എസ് ചെയർപേഴ്സൺ ശ്രീമതി ബിന്ദു അദ്ധ്യക്ഷപദം അലങ്കരിച്ച യോഗത്തിൽ ആരോഗ്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ സെബാസ്റ്റ്യൻ, വികസന സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാൻ ബിജു പഴമ്പിള്ളി, പതിനാലാം വാർഡ് മെമ്പർ ജമാൽ, കിഡ്സ് അസി. ഡയറക്ടർ ഫാ. വർഗീസ് കാട്ടാശ്ശേരി, കുടുംബശ്രീ ബ്ലോക്ക് കോഡിനേറ്റർ .... എന്നിവർ ആശംസ അർപ്പിക്കുകയും കിഡ്സ് കോഡിനേറ്റർ ഷേർളിൻ മൈക്കിൾ നന്ദി അർപ്പിക്കുകയും ചെയ്തു. കേരളത്തിലുടനീളം കുളവാഴ കരകൗശല പരിശീലന എജൻസിയായി കോട്ടപ്പുറം കിഡ്സിനെ കുടുംബശ്രീ സ്റ്റേറ്റ്മിഷൻ തിരഞ്ഞെടുത്തു. ആശംസയർപ്പിച്ചു. വിവിധ പഞ്ചായത്തുകളിലെ 25 ഹരിത കർമ്മ സേന അംഗങ്ങൾ പരിശീലനത്തിൽ പങ്കെടുക്കുന്നു.

---



## അന്താരാഷ്ട്ര വനിതാദിനാഘോഷം
## 2022 മാർച്ച് 8 തിങ്കളാഴ്ച രാവിലെ 10.30ന്
## കോട്ടപ്പുറം കിഡ്സ് ക്യാമ്പസ്

കോട്ടപ്പുറം കിഡ്സിന്റെ ആഭിമുഖ്യത്തിൽ ലോക വനിതാദിനാചരണം സംഘടിപ്പിച്ചു. വനിതാദിനാഘോഷം പരിപാടിയുടെ ഉദ്ഘാടനം പ്രശസ്ത സിനി ആർട്ടിസ്റ്റും യൂട്യൂബറുമായ ശ്രീമതി ഡിംബിൾ റോസ് നിർവ്വഹിച്ചു. കിഡ്സ് ഡയറക്ടർ റവ.ഫാ. പോൾ തോമസ് കളത്തിൽ സ്വാഗതം ആശംസിച്ച യോഗത്തിൽ കോട്ടപ്പുറം രൂപതാമെത്രാൻ റൈറ്റ്.റവ.ഡോ. ജോസഫ് കാരിക്കശ്ശേരി അദ്ധ്യക്ഷപദം അലങ്കരിച്ചു. യുവസംരംഭക ഫാബിൻസ്യു പ്രോഡക്ഷൻ യൂണിറ്റ് ഫൗണ്ടർ എംഡി & ചീഫ് ഡിസൈനർ ശ്രീമതി ജാറ്റൂസ് മരിയ ടോം മുഖ്യപ്രഭാഷണം നടത്തി. കേരള സർക്കാർ റൂട്ടോണിക്സിൻറെ കീഴിലുള്ള വിജയവീഥി പഠനകേന്ദ്രത്തിൻറെ ഉദ്ഘാടനം സെൻറ് ആൻസ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് സി. റോസീന നിർവ്വഹിച്ചു. സംരംഭകർക്കായുള്ള കേരള പിന്നോക്ക വികസന കോർപ്പറേഷൻ വായ്പ വിതരണോദ്ഘാടനം കെ.എസ്.ബി.സി.ഡി.സി അസി. മാനേജർ ശ്രീ.പി.എൻ. വേണുഗോപാൽ, വനിതാ വികസന കോർപ്പറേഷൻ വായ്പാവിതരണോദ്ഘാടനം ഡിസ്ട്രിക്റ്റ് കോഡിനേറ്റർ ശ്രീ ഷാൻ പ്രസാദ്, ബാങ്ക് ഓഫ് ഇന്ത്യ വായ്പാ വിതരണോദ്ഘാടനം സീനിയർ മാനേജർ ശ്രീമതി സരിത ജെ

എന്നിവർ നിർവ്വഹിച്ചു. തൃശ്ശൂർ എൽ.ഐ.സി ഓഫ് ഇന്ത്യ സീനിയർ ബ്രാഞ്ച് മാനേജർ ശ്രീ. കെ. സുരേഷ്, ജൂനിയർ പബ്ലിക് ഹെൽത്ത് ഓഫീസർ ശ്രീമതി ഷീബ ജോർജ്ജ്, പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി റോസി ജോഷി, കൊടുങ്ങല്ലൂർ മുൻസിപാലിറ്റി കൗൺസിലർ ശ്രീ വി.എം.ജോണി, കിഡ്സ് അസി. ഡയറക്ടർമാരായ റവ.ഫാ. നീൽ ചടയംമുറി, റവ. ഫാ. വർക്ഷീസ് കാട്ടശ്ശേരി,എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. അനിർവചനീയമായ പാരിസ്ഥിതിക തകർച്ച നേരിടുന്ന ഈ കാലഘട്ടത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ കുറയ്ക്കുവാൻ വേണ്ട ഇടപെടലുകൾ നടത്താൻ മാർപ്പാപ്പ നമ്മോട് ആഹ്വനം ചെയ്തതിൻറെ പശ്ചതലത്തിൽ ലെൻറൻ ക്യാമ്പയിൻറെ ഉദ്ഘാടനവും വനിതാദിനത്തോടനുബന്ധിച്ചു നടന്നു.

യോഗത്തിൽ സ്ത്രീ ശാക്തീകരണത്തിലൂടെ സുസ്ഥിരമായ നാളെയ്ക്ക് വേണ്ടി സ്ത്രികളെ സ്വയം പര്യപ്തതയിൽ എത്തിക്കുന്ന മികച്ച സംരംഭകരെയും കിഡ്സിൽ 25 വർഷത്തെ സേവനം പൂർത്തികരിച്ച സ്റ്റാഫ് അംഗങ്ങളെയും ഫീൽഡ് തലത്തിൽ 30 വർഷം പൂർത്തികരിച്ച ആനിമേറ്റേഴ്സിനെയും ആദരിച്ചു. കിഡ്സുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എസ്.എച്ച്.ജി കളുടെ ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും കേരള സംസ്ഥാന വനിത വികസന കോർപ്പറേഷനിൽ നിന്നും വിവിധ ബാങ്കുകളിൽ നിന്നും 2 കോടി രൂപ വിതരണം ചെയ്തു. സ്നേഹാമൃതം പദ്ധതിയിലൂടെ കാൻസർ രോഗികളെ സഹായിക്കുന്നതിനായി കേശദാന പരിപാടിയും സംഘടിപ്പിച്ചു. യോഗത്തിനുശേഷം എസ്.എച്ച്.ജി യിലുള്ളവരുടെ കലാപരിപാടികളും നടന്നു.

---



കെസിവൈഎം കൊത്തൊലെൻഗോ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നേതൃത്വ പരിശീലന ക്ലാസ്സ് LEAD ON 2022 സംഘടിപ്പിച്ചു.കെസിവൈഎം കൊത്തൊലെൻഗോ യൂണിറ്റ് പ്രസിഡന്റ് ശ്രീ. ശ്രുതിൽ ജോസഫ് അധ്യക്ഷതനായ ചടങ്ങ് യൂണിറ്റ് ഡയറക്ടർ ഫാദർ റെക്സൺ പിന്റോ ഉദ്ഘാടനം ചെയ്തു . വൈസ് പ്രസിഡന്റ് ശ്രീ ജോർജ്ജ് ജോബിൻ എല്ലാവരെയും സ്വാഗതം ചെയ്തു. വ്യക്തിത്വ വികസനം, നേതൃപാടവം, സംഘാടനം, എന്നീ വിഷയങ്ങളിൽ നടന്ന പരിശീലന ക്ലാസിനു കെസിവൈഎം കോട്ടപ്പുറം രൂപത പ്രസിഡന്റ് ശ്രീ. പോൾ ജോസ് നേതൃത്വം നൽകി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു നടത്തിയ ഈ പരിശീലന ക്ലാസ്സിൽ വെച്ച് രൂപത പ്രസിഡന്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ച് സംസാരിച്ചു. കെസിവൈഎം



പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും പുതിയ ആശയങ്ങൾ നടപ്പാക്കുന്നതിനെ പറ്റിയും യോജിച്ചുള്ള ഇടവക- രൂപത പ്രവർത്തനങ്ങളെ പറ്റിയും അദ്ദേഹം യുവജനങ്ങളോട് ആശയവിനിമയം നടത്തി. ക്രിയാത്മകമായ പ്രവർത്തനങ്ങളുമായി എല്ലാവരും മുന്നോട്ടുവരണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. രൂപത ജനറൽ സെക്രട്ടറി സനൽ ആശംസകളർപ്പിച്ച് സംസാരിച്ചു. യൂണിറ്റ് സെക്രട്ടറി ലിന്റോ വർഗീസ് നന്ദി അർപ്പിച്ചു സംസാരിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രുതിൽ ജോസഫ് രൂപത പ്രസിഡണ്ടിന്റിനും സെക്രട്ടറിക്കും സ്നേഹോപഹാരങ്ങൾ കൈമാറി.

---

## ലോക വൃക്കദിനം ആചരിച്ചു




പറവൂർ ഡോൺ ബോസ്കോ ആശുപത്രിയിൽ ലോക വൃക്കദിനം ആചരിച്ചു. ആശുപത്രി ഡയറക്ടർ ഫാ. ക്ലോഡിൻ ബിവേര ചടങ്ങ് ഉദ്ഘാടനം ചെയ്തു. മെഡിക്കൽ സൂപ്രണ്ട് ഡോക്ടർ പൗലോസ് മത്തായി അന്നേദിനത്തിന്റെ സന്ദേശം നൽകി. ഫാ. ഷാബു കുന്നത്തൂർ, സിസ്റ്റർ സ്നേഹ ലോറൻസ് എന്നിവർ പ്രസംഗിച്ചു. ഡോൺ ബോസ്കോ സ്കൂൾ ഓഫ് നഴ്സിംഗിലെ വിദ്യാർത്ഥികൾ കാഴ്ചവച്ച സ്കിറ്റ് ഏറെ ശ്രദ്ധേയമായി.

---

## സി.എസ്.എസ്. ഇന്റർനാഷണൽ കോട്ടപ്പുറം രൂപത ഫാ. ബാബു മുട്ടിക്കലിന്റെ പൗരോഹിത്യ ജൂബിലി ആഘോഷിച്ചു



സി.എസ്.എസ്. കോട്ടപ്പുറം രൂപത സ്പിരിചൽ ഡയറക്ടറായ റവ. ഫാ. ബാബു മുട്ടിക്കലിന്റെ പൗരോഹിത്യ ജൂബിലി കുര്യാപ്പിള്ളി സെന്റ് ആന്റണീസ് ദേവാലയത്തിൽ സംഘടിപ്പിച്ചു. സി.എസ്.എസ് മുൻ വൈസ് ചെയർമാൻ ഒ.പി. റോയ് പതാക ഉയർത്തി പരിപാടികൾക്ക് തുടക്കം കുറിച്ചു. ആഘോഷമായ ദിവ്യബലിക്കു ശേഷം അനുമോദന സമ്മേളനം കോട്ടപ്പുറം രൂപത വികാരി ജനറൽ മോൺ. വെരി റവ. ഡോ. ആന്റണി കുരിശിങ്കൽ ഉദ്ഘാടനം ചെയ്തു. സി.എസ്.എസ്. കോട്ടപ്പുറം രൂപത പ്രസിഡന്റ് ജിസ്മോൻ ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ചു. ജൂബിലേറിയൻ മൊമെന്റോയും പൊന്നാടയും ജനറൽ കൺവീനർ ജോസ് കളത്തിലും സി.എസ്.എസ് കുര്യാപ്പിള്ളി ലോക്കൽ പ്രസിഡന്റ് സോജൻ കുറുപ്പശ്ശേരിയും നൽകി. ജൂബിലി സ്മാരക ഭവന നിർമ്മാണ ആദ്യഗഡു റവ. ഫാ. ബാബു മുട്ടിക്കൽ നൽകി. 25-ാം ജൂബിലി പ്രമാണിച്ച് ഫലവൃക്ഷതൈകളുടെ വിതരണ ഉദ്ഘാടനം മുനമ്പം ഹോളി ഫാമിലി ചർച്ച് വികാരി ഫാ. ബിജു പാലപ്പറമ്പിൽ നിർവ്വഹിച്ചു. നിർദ്ധന രോഗികൾക്കുള്ള ഡയാലിസിസ് സഹായവിതരണ ഉദ്ഘാടനം കിഡ്സ് മുൻ ഡയറക്ടർ ഡോ. ജോൺസൺ പങ്കേത്ത് നിർവ്വഹിച്ചു. സമ്പൂർണ്ണ ബൈബിൾ പാരായണം ഉദ്ഘാടനം കിഡ്സ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. നീൽ ജോർജ്ജ് ചടയമുറി നിർവ്വഹിച്ചു. നിർദ്ധന രോഗികൾക്കുള്ള ഡയാലിസിസ് സഹായവിതരണ ഉദ്ഘാടനം മുനമ്പം ഹോളി ഫാമിലി ചർച്ച് വികാരി ഫാ. ബിജു പാലപ്പറമ്പിൽ നിർവ്വഹിച്ചു. ആശംസകൾ നേർന്ന് കിഡ്സ് ഡയറക്ടർ ഫാ. പോൾ തോമസ് കളത്തിൽ കെ.ആർ.എൽ.സി.സി. സെക്രട്ടറി പി.ജെ തോമസ് കെ.എൽ.സി. എ വൈസ് പ്രസിഡന്റ് ഇ.ടി ഫ്രാൻസിസ്, കെ.സി.വൈ.എം. കോട്ടപ്പുറം രൂപത സെക്രട്ടറി റാഫി തായാട്ടുപറമ്പിൽ നന്ദിയും പറഞ്ഞു. പരിപാടികൾക്ക് സി.എസ്.എസ് വൈസ് ചെയർമാൻ ജോജോ മനക്കിൽ, ജോയ് മേലേടത്ത്, നോർമൻ ബർണാർഡ്, ഷാജു പീറ്റർ, സോഫി ജോജോ, ജോഭക്തൻ, ടി.ജി ബാബു, ഫിലിപ്പ് എന്നിവർ നേതൃത്വം നൽകി.



2022 മാർച്ച് 13 മടപ്ലാതുരുത്ത് സെന്റ് ജോർജ്ജ് ഇടവക മതബോധന വിഭാഗത്തിന് വളരെയധികം പ്രത്യേകതകൾ ഉള്ള ദിവസമായിരുന്നു. ഈ കോവിഡ് പ്രതിസന്ധി സമയത്തും തടസ്സങ്ങളെ മറികടന്ന് വളരെ വിജയകരമായി അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കലാപരവും സാഹിത്യപരവുമായ സൃഷ്ടികൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കയ്യെഴുത്തു മാസിക "അഹാബ" (നിർമലമായ സ്നേഹം) മതബോധന ഡയറക്ടർ ഫാ. ജോയ് സ്രാമ്പിക്കൽ പ്രകാശനം ചെയ്തു. അന്നേദിവസം പ്ലസ് ടു പൂർത്തിയാക്കിയ കുട്ടികൾക്ക് യാത്രയയപ്പും കഴിഞ്ഞ അദ്ധ്യയനവർഷത്തിൽ മികച്ച നേട്ടം കരസ്ഥമാക്കിയ കുട്ടികൾക്ക് അനുമോദനവും നൽകി. പ്രത്യേകമായി എം.ബി.ബി.എസ് പൂർത്തിയാക്കിയ ഡോ. ദിയമോൾ ഡേവിസിനെയും, മെഡിക്കൽ എൻട്രൻസിന് മെറിറ്റ് സീറ്റ് കരസ്ഥമാക്കിയ നോയൽ കെ. ജോജോയെയും അനുമോദിച്ചു. അന്നേദിവസം കോട്ടപ്പുറം മതബോധന ഡയറക്ടർ ഫാ. ജോയ് സ്രാമ്പിക്കൽ ദിവ്യബലിക്ക് നേതൃത്വം നൽകി. ശേഷം നടന്ന അനുമോദന സമ്മേളനത്തിൽ ഇടവക വികാരി ഫാ. സിജോ വേലിക്കകത്തോട്ട്, കോട്ടപ്പുറം മതബോധന ഡയറക്ടർ ഫാ. ജോയ് സ്രാമ്പിക്കൽ, പ്രധാന അദ്ധ്യാപിക റോസി സെബാസ്റ്റ്യൻ അസി. എച്ച്.എം ജോഷി എസ്.പി., സെക്രട്ടറി ആശ എന്നിവർ സംബന്ധിച്ചു.

---

## ഡോൺ ബോസ്കോ സ്കൂൾ ഓഫ് നഴ്സിംഗിൽ ബിരുദദാനവും ദീപം തെളിയിക്കൽ ചടങ്ങും



പറവൂർ ഡോൺ ബോസ്കോ സ്കൂൾ ഓഫ് നഴ്സിംഗിൽ 19-ാം ബാച്ചിന്റെ ബിരുദദാനവും 23-ാം ബാച്ചിന്റെ തിരി തെളിയിക്കൽ ചടങ്ങും നടന്നു. ഡോൺ ബോസ്കോ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. ക്ലോഡിൻ ബിവേര സദസ്സിനെ സ്വാഗതം ചെയ്തു. കരുണയുടെ മാലാഖമാരെ വാർത്തെടുക്കുക എന്നതാണ് ഡോൺ ബോസ്കോ സ്കൂൾ ഓഫ് നഴ്സിംഗിന്റെ ലക്ഷ്യം എന്നദ്ദേഹം കൂട്ടിച്ചേർത്തു. ഡോൺ ബോസ്കോ ചാരിറ്റബിൾ ട്രസ്റ്റിന്റെ ചെയർമാനും, കോട്ടപ്പുറം രൂപതയുടെ മെത്രാനുമായ റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി അദ്ധ്യക്ഷത വഹിച്ചു. നഴ്സുമാർ ഏതു സാഹചര്യത്തിലും മൂല്യങ്ങൾ കാത്തുസൂക്ഷിക്കാൻ കടപ്പെട്ടവരാണ്. കരുണയുള്ള മാലാഖമാരായി അവർ മാറട്ടെയെന്ന് അദ്ദേഹം ആശംസിച്ചു. ആദരണീയനായ സുപ്രീംകോടതി ജഡ്ജ് ജസ്റ്റിസ് കുര്യൻ ജോസഫ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ജീവന്റെ സംരക്ഷണവും പരിപോഷണവും ഏൽപ്പിക്കപ്പെട്ട ഉന്നതമായ ധർമ്മമാണ് നഴ്സിംഗ്. സ്നേഹവും കരുതലുമാണ് നിങ്ങളെ നിങ്ങളാക്കുന്നതെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. പ്രിൻസിപ്പാൾ സിസ്റ്റർ പ്രിയ ജോൺ ബിരുദധാരികൾക്ക് അവാർഡ് നൽകുകയും പുതുതായി ചേരുന്നവർക്ക് ദീപം തെളിയിച്ചു നൽകുകയും ചെയ്തു. നഴ്സിംഗ് സൂപ്രണ്ട് സിസ്റ്റർ സ്നേഹ ലോറൻസ് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഫാ. ഷാബു കുന്നത്തൂർ സമ്മാനദാനം നിർവ്വഹിച്ചു. ഫാ. ഷാബു കുന്നത്തൂർ, ശ്രീ. സജി നമ്പ്യത്ത്, അഡ്വ. റാഫേൽ ആന്റണി, ഡോ. പൗലോസ് മത്തായി എന്നിവർ പ്രസംഗിച്ചു.

## ഡോൺ ബോസ്കോയിൽ ലോകാരോഗ്യ ദിനാചരണവും മെഗാ മെഡിക്കൽ ക്യാമ്പും നടത്തി



ലോകാരോഗ്യ ദിനത്തോടനുബന്ധിച്ച് ഡോൺ ബോസ്കോ ആശുപത്രിയിൽ സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി. മുൻസിപ്പൽ കൗൺസിലർ ശ്രീ ഇ. ജി ശശി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ആശുപത്രി ഡയറക്ടർ ഫാ. ക്ലോഡിൻ ബിവേര അധ്യക്ഷത വഹിച്ചു. ഹൃദ്രോഗ വിഭാഗത്തിലും, ഡയാലിസിസ് വിഭാഗത്തിലും ESI ആനുകൂല്യം താമസിയാതെ ആരംഭിക്കുന്നതായി ഡയറക്ടർ അറിയിച്ചു. ഫാ. ഷാബു കുന്നത്തൂർ, ഡോ പൗലോസ് മത്തായി, ഡോ. കോൾ ജോസ്, സി. സ്നേഹ ലോറൻസ് എന്നിവർ പ്രസംഗിച്ചു. നൂറുകണക്കിനാളുകൾ ക്യാമ്പിൽ പങ്കെടുത്തു.

---



# ST. FRANCIS ASSISI MINOR SEMINARY

### Diocese of Kottapuram
### Manalikkad

കോട്ടപ്പുറം രൂപതയിൽ ചേർന്ന് വൈദീകൻ ആകുവാൻ താല്പര്യം ഉള്ള 10, Plus 2, Degree പാസ്സ് ആയ യുവാക്കളെ രൂപത മൈനർ സെമിനാരിയിലേക്ക് ക്ഷണിക്കുന്നു. സെമിനാരി ജീവിതം ആഗ്രഹിക്കുന്നവർക്ക് ഉള്ള ദൈവവിളി ക്യാമ്പ് മെയ് 8 വൈകീട്ട് 4 മുതൽ മെയ് 11 വൈകുന്നേരം 5 മണി വരെ മണലിക്കാട് സെമിനാരിയിൽ വച്ചു നടത്തുന്നു.

താല്പര്യം ഉള്ളവർ വികാരി അച്ചൻ വഴി താഴെ കാണുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

| | | |
|---|---|---|
| **Fr. Alex Elanjikkal**<br>**9744698744** | **Fr. Jibin Kunjeluparambil**<br>**8281793938** | **Fr. Biju Thengapurakkal**<br>**9645989510** |